# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4896 — 4/7/2012-ൽ മറുപടിക്ക്

## മത്സ്യഭവനുകളുടെ പ്രവർത്തനം

ചോദ്യം — മറുപടി

ശ്രീ. എ.കെ.ബാലൻ

ശ്രീ..കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര മത്സ്യ ഭവനുകൾ ഉണ്ടെന്നു വെളിപ്പെടുത്തുമോ; | (എ). | 100 മത്സ്യഭവൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | നിലവിൽ പ്രസ്തുത മത്സ്യഭവനുകളുടെ ചുമതല വഹിക്കുന്നത് ഏത് റാങ്കിലുള്ള ഉദ്യോഗസ്ഥരാണെന്ന് വ്യക്തമാക്കുമോ ; | (ബി). | മത്സ്യഭവനുകളുടെ ചുമതല വഹിക്കുന്നത് ഫിഷറീസ് വകുപ്പിലെ ഫിഷറീസ് ഇൻസ്പെക്ടർ, ഫിഷറീസ് സബ് ഇൻസ്പെക്ടർ, ടെക്നിക്കൽ അസിസ്റ്റന്റ്,ഫിഷറി ഡവലപ്മെന്റ് ഓഫീസർ, സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, പെറ്റി യാർഡ് ഓഫീസർ എന്നീ റാങ്കിലുള്ള ഉദ്യോഗസ്ഥരാണ്. |
| (സി) | സംസ്ഥാനത്ത് 100 മത്സ്യഭവൻ ഓഫീസർ തസ്തിക സൃഷ്ടിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | (സി) | മത്സ്യഭവൻ ഓഫീസർമാരെ നിയമിക്കുന്നതു സംബന്ധിച്ച ഫയലിൽ സ്പെഷ്യൽ റൂൾസ് പരിഷ്ക്കരിക്കുന്നതിനുള്ള അന്തിമ നടപടി കൈക്കൊണ്ടിട്ടില്ല. ഇതു സംബന്ധിച്ച് സംക്ഷിപ്ത രൂപത്തിലുള്ള ഒരു ശുപാർശ സമർപ്പിക്കുന്നതിന് ഫിഷറീസ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ മറ്റുചില തസ്തികകളുടെ കാര്യം (അക്വാകൾച്ചർ എക്സ്പെർട്ട്) കൂടി സ്പെഷ്യൽ റൂൾസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ഫിഷറീസ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമായിട്ടില്ല. |

| | | |
|---|---|---|
| (ഡി) സർവ്വീസിലുള്ള ഉദ്യോഗസ്ഥരെ പ്രമോഷൻവഴി മത്സ്യഭവൻ ഓഫീസർമാരായി നിയമിക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ; | | (ഡി) സ്പെഷ്യൽ റൂൾസ് ഭേദഗതി നിലവിൽ വന്നതിനുശേഷമേ ഇതു സംബന്ധിച്ച തീരുമാനം കൈക്കൊള്ളാനാകുകയുള്ളൂ. |
| (ഇ) എങ്കിൽ അപ്രകാരം പ്രമോഷൻ നൽകുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിഷ്കർഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | | (ഇ) ബാധകമല്ല. |
| (എഫ്) 100 മത്സ്യഭവൻ ഓഫീസർ തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികൾ എന്ന് സ്വീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ? | | (എഫ്) സ്പെഷ്യൽ റൂൾസ് പരിഷ്ക്കരിക്കുന്നതിനുള്ള നടപടിക്രമം പൂർത്തീകരിച്ചതിനുശേഷമേ ഇതിനുള്ള നടപടി സ്വീകരിക്കാനാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.